"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ അച്ചൂരാനം വില്ലേജിൽ ഉൾപ്പെട്ട പൊഴുതന ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന കറിച്യർമല ഗവ.എൽ.പി.സ്കൂൾ പുനർ നിർമ്മിക്കുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ 3, 4 ചട്ടങ്ങൾ പ്രകാരം ഭൂമി വാങ്ങുന്നതിനായി പൊഴുതന ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.121/2022/LSGD തീയതി,തിരുവനന്തപുരം, 10-06-2022

പരാമർശം:-
1. 5/10/2021 ലെ സ.ഉ (കൈ) 223/2021/തസ്വഭവ
2. പൊഴുതന പഞ്ചായത്ത് ഭരണ സമിതി 03.01.2022ലെ 4/1 നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡയറക്ടറുടെ 16/05/2022 ലെ PAN/1709/2022-J4(DP) നമ്പർ കത്ത്.
4. 28.05.2022 ലെ സ.ഉ.കൈ.നം.115/22/തസ്വഭവ, ഖണ്ഡിക 8.1 (4)

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ അച്ചൂരാനം വില്ലേജിൽ ഉൾപ്പെട്ട പൊഴുതന ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന കറിച്യർമല ഗവ.എൽ.പി.സ്കൂൾ പുനർ നിർമ്മിക്കുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ 3, 4 ചട്ടങ്ങൾ പ്രകാരം ഭൂമി വാങ്ങുന്നതിനായി പൊഴുതന ഗ്രാമപഞ്ചായത്തിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

പൊഴുതന പഞ്ചായത്ത് പരാമർശം (2) പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 49,66,694 രൂപ അനുവദിക്കുന്നതിന് അപേക്ഷ നൽകാൻ തീരുമാനം എടുത്തിട്ടുണ്ടെന്നു പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് തഹസിൽദാർ സമർപ്പിച്ച വാല്യേഷൻ ഭരണസമിതി പരിശോധിക്കുകയും യോഗത്തിലേക്ക് സ്ഥല ഉടമകളെ വിളിച്ച് വരുത്തി നെഗോസിയേഷൻ നടത്തിയതിൽ സ്ഥല ഉടമകൾ ടി തുകയ്ക്ക് സ്ഥലം വിട്ടുകൊടുക്കാൻ വിസമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗം മേൽ വിഷയം ചർച്ച ചെയ്യുകയും വാല്യേഷനേക്കാളും 30% അധികരിച്ച തുകയ്ക്ക് വിൽപ്പന നടത്തുന്നതിനായി ആവശ്യപ്പെടുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ അച്ചൂരാനം വില്ലേജിൽ ഉൾപ്പെട്ട പൊഴുതന ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന കറിച്യർമല ഗവ.എൽ.പി.സ്കൂൾ പുനർ നിർമ്മിക്കുന്നതിന് നിർമ്മിക്കുന്നതിന് ഭൂമി

വാങ്ങുന്നതിന് ഭൂവുടമകൾ വാലേഷനേക്കാളും 30% അധിക തുക ആവശ്യപ്പെട്ട നിലയ്ക്ക് പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 8.1(4) പ്രകാരം "ചട്ടം 5 ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ഉഭയ സമ്മത പ്രകാരം ഭൂമി ആർജ്ജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകുവാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ ഉടമസ്ഥർ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 ശതമാനം വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായ പ്രമേയം അംഗീകരിക്കേണ്ടതാണ്" എന്ന വ്യവസ്ഥ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി സൂചന (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പൊഴുതന ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(Fileno.RC1/178/2021/LSGD.

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 13-06-2022 10:59:06**

സെക്ഷൻ ഓഫീസർ